**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5594** **03-11-2021 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് കവറുകളുടെ വർദ്ധിച്ച ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. യു.എ.ലത്തീഫ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അൻപത് മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ നിർമ്മിക്കാനോ വില്പന നടത്താനോ പാടില്ലെന്ന നിയമം നിലനിൽക്കെ അവയുടെ ഉപയോഗം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അൻപത് മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ ഉൾപ്പടെയുള്ള ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് വസ്തുക്കൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ സാഹചര്യത്തിൽ അവ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവ ഗുരുതരമായ മാലിന്യപ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ? | (സി) | പരിസ്ഥിതി വകുപ്പിൽ നിന്ന് പുറപ്പെടുവിച്ചിട്ടുള്ള 27/11/2019 തീയതിലെ സ.ഉ.(കൈ)നം.6/2019/ പരി. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളുടെ (കനം നോക്കാതെ) 01/01/2020 മുതൽ നിരോധിച്ചിട്ടുണ്ട്. നിരോധനം നടപ്പിലാക്കുന്നത് സംബന്ധിച്ച് കർശന നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റ്മാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ, എല്ലാതദ്ദേശ സ്ഥാപനങ്ങളിലെയും സെക്രട്ടറിമാർ, 1986 ലെ Environmental Protection act സെക്ഷൻ 19 പ്രകാരം കേന്ദ്രസർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ/ സ്ഥാപനങ്ങൾ എന്നിവരെ ചുമതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ